REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 18-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **കേരളത്തിൽ VD സതീശന്റെ നേതൃത്വത്തിൽ UDF ഗവണ്മെന്റ് രാവിലെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിയമസഭാ സ്പീക്കറാകും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി, സ്വീഡിഷ് പ്രധാനമന്തി ഉൾഫ് ക്രിസ്റ്റേഴ്സണുമായി, ഗോഥെൻബർഗിൽ കൂടിക്കാഴ്ച നടത്തി.**
- **കോഴിക്കോട് NIT യിൽ കേന്ദ്ര ഗവൺമെന്റിന്റെ PM വികാസ് പദ്ധതിക്ക് ഇന്ന് തുടക്കമാകും.**
- **സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദ്ദേശം.**
- **IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, രാജസ്ഥാൻ റോയൽസിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കേരളത്തിൽ VD സതീശന്റെ നേതൃത്വത്തിൽ UDF ഗവണ്മെന്റ് രാവിലെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാവിലെ പത്തിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലാണ് ചടങ്ങ്. സമ്പൂർണ മന്ത്രിസഭയാണ് ഇന്ന് അധികാരമേൽക്കുന്നതെന്ന് UDF നേതൃത്വം അറിയിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, നിയുക്ത മുഖ്യമന്ത്രിക്കും, മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, AICC ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി എന്നിവരടക്കം പ്രമുഖ നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും.

കൂടാതെ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് സുഖു, കർണാടക ഉപമുഖ്യമന്ത്രി D.K ശിവകുമാർ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ എന്നിവരും ചടങ്ങിന് സാക്ഷികളാകും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

ഇന്നലെ വൈകിട്ട് ലോക്ഭവനിലെത്തി ഗവർണറെ കണ്ട നിയുക്ത മുഖ്യമന്ത്രി VD സതീശൻ 20 മന്ത്രിമാരുടെ പട്ടികയാണ് അദ്ദേഹത്തിന് കൈമാറിയത്. കോൺഗ്രസിൽ നിന്ന് രമേശ് ചെന്നിത്തല, സണ്ണി ജോസഫ്, K മുരളീധരൻ, AP അനിൽ കുമാർ, PC വിഷ്ണുനാഥ്, ബിന്ദു കൃഷ്ണ, M ലിജു, റോജി M ജോൺ, KA തുളസി, O.J ജനീഷ്, T സിദ്ദിഖ് എന്നിവരാണ് മന്ത്രിസ്ഥാനത്തെത്തുന്നത്.

PK കുഞ്ഞാലിക്കുട്ടി, N ഷംസുദ്ദീൻ, KM ഷാജി, PK ബഷീർ, V.E അബ്ദുൽ ഗഫൂർ എന്നിവരാണ് ലീഗ് മന്ത്രിമാർ. ഇതിനു പുറമെ കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിലെ മോൻസ് ജോസഫ്, ജേക്കബ് വിഭാഗത്തിലെ അനൂപ് ജേക്കബ്, RSP യിലെ ഷിബു ബേബി ജോൺ, CMP യിലെ CP ജോൺ എന്നിവർക്കും മന്ത്രിസ്ഥാനം ലഭിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് നിയമസഭാ സ്പീക്കർ. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ. UDF ചീഫ്‌വിപ്പ് കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിലെ അപു ജോൺ ജോസഫാണ്. മന്ത്രിമാരുടെ വകുപ്പുകളുടെ കാര്യത്തിൽ ഏകദേശ ധാരണയായെങ്കിലും അന്തിമ തീരുമാനം പിന്നീടായിരിക്കും.

സത്യപ്രതിജ്ഞാ ചടങ്ങുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് പൊലീസ് കനത്ത സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. സെൻട്രൽ സ്റ്റേഡിയത്തിന്റെ നാല് ഗേറ്റുകൾ വഴിയായിരിക്കും ക്ഷണിതാക്കളെ പ്രവേശിപ്പിക്കുന്നത്. പ്രധാന ഗേറ്റിലൂടെ VIP കൾക്ക് മാത്രമായിരിക്കും പ്രവേശനം. മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം പാസ്സ് മൂലം നിയന്ത്രിച്ചിട്ടുണ്ട്.

ചടങ്ങ് തത്സമയം കാണുന്നതിനാന് LED വാളുകൾ സജ്ജമാക്കി. നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തി.

✪✪✪

കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യവും, സഹവർത്തിത്വവും തകർക്കാൻ ഉണ്ടാകുന്ന ശ്രമങ്ങൾക്കെതിരെ അതീവ ജാഗ്രത പാലിക്കണമെന്ന് CPIM സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ചില രാഷ്ട്രീയ പാർട്ടികളിൽ നിന്നും, സമുദായ സംഘടനകളിൽ നിന്നും സമീപ ദിവസങ്ങളിൽ ഉണ്ടായ പ്രസ്താവനകളും, പ്രതികരണങ്ങളും അത്യന്തം ആപത്കരമാണെന്ന് പ്രസ്താവന പറയുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി സ്വീഡിഷ് പ്രധാനമന്തി ഉൾഫ് ക്രിസ്റ്റേഴ്സണുമായി ഗോഥെൻബർഗിൽ ഇന്നലെ കൂടിക്കാഴ്ച നടത്തി. രണ്ടു ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി ശനിയാഴ്ചയാണ് സ്വീഡനിൽ എത്തിയത്.സ്വീഡൻ സന്ദർശനം ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധത്തിലും തന്ത്രപരമായ പങ്കാളിത്തത്തിലും ചരിത്രപരമായ വഴിത്തിരിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......(.വോയ്സ് )......

ഇന്ത്യ സ്വീഡൻ ബന്ധത്തിന് നൽകിയ അസാധാരണ സംഭാവനയും, ദീർഘ വീക്ഷണ നേതൃത്വവും പരിഗണിച്ച് , സ്വീഡൻ നൽകുന്ന പരമോന്നത ബഹുമതിയായ റോയൽ ഓർഡർ ഓഫ് ദി പോളാർ സ്റ്റാർ ഡിഗ്രി കമ്മാൻഡർ, ഗ്രാൻഡ് ക്രോസ്, നരേന്ദ്രമോദി ഏറ്റുവാങ്ങി. ഈ ബഹുമതി ലഭിക്കുന്ന ആദ്യ ഏഷ്യൻ നേതാവാണ് നരേന്ദ്രമോദി. അവാർഡ് മുഴുവൻ ഇന്ത്യൻ ജനതയ്ക്കും സമർപ്പിക്കുന്നതായി മോദി അറിയിച്ചു. അഞ്ചു വർഷത്തിനകം ഇന്ത്യ -സ്വീഡൻ ഉഭയകക്ഷിബന്ധവും സാമ്പത്തിക കൈമാറ്റവും ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ കർമ്മപദ്ധതി ആവിഷ്ക്കരിക്കുകയാണ് പ്രധാനമന്ത്രിയുടെ സന്ദർശന ലക്ഷ്യം. ഇന്ത്യ-സ്വീഡൻ കൂടുതൽ ശക്തം ഒരുമിച്ച് 2047 ലേക്ക് എന്നതാണ് സന്ദർശന പ്രമേയം.

സാങ്കേതിക വിദ്യ കാലാവസ്ഥ പ്രവർത്തന മേഖല എന്നിവയിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിന് രണ്ടു രാജ്യങ്ങളും കരാറിൽ ഒപ്പിട്ടു.നിർമ്മിത ബുദ്ധി മേഖലയിലും ക്വാണ്ടം കംപ്യൂട്ടിങ്, ലൈഫ് സയൻസ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്, രണ്ടു രാജ്യങ്ങളുടെയും സംയുക്ത സംരംഭമായി,

ശാസ്ത്ര സാങ്കേതിക കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചതായും നരേന്ദ്രമോദി അറിയിച്ചു.

✪✪✪

UAE യിലെ ബറാക്ക ആണവ കേന്ദ്രത്തിനു നേരെയുണ്ടായ ആക്രമണത്തിൽ ഇന്ത്യ കടുത്ത ആശങ്കയറിയിച്ചു. ഇത്തരം നടപടികൾ അംഗീകരിക്കാൻ കഴിയില്ലെന്നും, നടപടി തികഞ്ഞ ഭീരുത്വമാണെന്നും വിദേശകാര്യ മന്ത്രാലയം വിലയിരുത്തി. സംയമനം പാലിക്കാനും സംഭാഷണത്തിലേക്കും നയതന്ത്രത്തിലേക്കും മടങ്ങാനും ഇന്ത്യ ആഹ്വാനം ചെയ്തു.

ആണവ നിലയത്തിലെ ഡ്രോൺ ആക്രമണത്തിൽ ആർക്കും പരിക്കേറ്റില്ലെന്നും, ആണവ പ്രസാരണം ഇല്ലെന്നും അബുദാബി അധികൃതർ സ്ഥിരീകരിച്ചു. സംഭവത്തെത്തുടർന്ന് പ്ലാന്റിലെ നാല് റിയാക്ടറുകളിൽ ഒന്ന് താൽക്കാലികമായി ഡീസൽ വൈദ്യുതിയിലേക്ക് മാറ്റിയതായി അന്താരാഷ്ട്ര ആണവ ഏജൻസി പറഞ്ഞു.

✪✪✪

ഇന്ത്യയിൽ രണ്ട് ദിവസത്തെ ഇന്ധന ശേഖരം മാത്രമാണ് ശേഷിക്കുന്നതെന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത കേന്ദ്രഗവണ്മെന്റ് നിഷേധിച്ചു. പോസ്റ്റ് വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ വസ്തുതാ പരിശോധനാ യൂണിറ്റ് വ്യക്തമാക്കി. അറുപത് ദിവസത്തെ അസംസ്കൃത എണ്ണശേഖരം രാജ്യത്തുണ്ട്. ഇന്ധനത്തിന്റെയും വാതകത്തിന്റെയും ലഭ്യതയെക്കുറിച്ച് ഗവണ്മെന്റിന്റെ ഔദ്യോഗിക സ്രോതസ്സുകൾ നൽകുന്ന വിവരങ്ങളെ മാത്രം കണക്കിലെടുക്കണമെന്ന് PIB അറിയിച്ചു.

✪✪✪

കോംഗോയിലെയും, ഉഗാണ്ടയിലെയും എബോള സാഹചര്യം അങ്ങേയറ്റം ആശങ്കാജനകമാണെന്ന് ലോകാരോഗ്യസംഘടന വിലയിരുത്തി. 80 പേരുടെ മരണം എബോള ബാധിച്ചാണെന്ന് സംശയിക്കുന്നതായി WHO അറിയിച്ചു. 246 പേരിൽ രോഗലക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

✪✪✪

മധ്യപ്രദേശിൽ തിരുവനന്തപുരം സെൻട്രൽ-ഹസ്രത് നിസാമുദ്ദിൻ രാജധാനി എക്സ്പ്രസ്സിൽ ഇന്നലെയുണ്ടായ തീപിടുത്തത്തെ കുറിച്ച് അന്വേഷിക്കാൻ വെസ്റ്റ് സെൻട്രൽ റെയിൽവേ അന്വേഷണ സമിതി രൂപീകരിച്ചു.

ഇന്നലെ വിക്രംഘഡ് -അലോട്ട് സ്റ്റേഷനുകൾക്കിടയിലാണ് ട്രെയിനിന്റെ ഒരു പാസഞ്ചർ കോച്ചിലും ജനറേറ്റർ കോച്ചിലും തീ പിടിച്ചത്. നിശ്ചിത സമയ

പരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ നിർദേശിച്ചിട്ടുണ്ടെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

കോഴിക്കോട് NIT യിൽ കേന്ദ്ര ഗവൺമെന്റിന്റെ PM വികാസ് പദ്ധതിക്ക് ഇന്ന് തുടക്കമാകും. രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. ധാരണാപത്രവും അദ്ദേഹം കൈമാറും.

ന്യൂനപക്ഷം സമൂഹത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന യുവ ജനങ്ങൾക്ക് ആധുനിക തൊഴിൽ നൈപുണ്യങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പരമ്പരാഗത കരകൗശല മേഖലയെ ആധുനിക സാങ്കേതികവിദ്യയുമായി ബന്ധിപ്പിക്കും. NIT യിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആൻഡ് സ്കിൽ ഡെവലപ്മെന്റിന്റെ നേതൃത്വത്തിലാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്.

✪✪✪

താമരശ്ശേരി ചുരത്തിന് വീതി വർദ്ധിപ്പിക്കുന്നതിനാൽ ഇന്ന് മുതൽ ഭാര വാഹനങ്ങളും മൾട്ടി ആക്സിൽ ലോറികളും വഴിതിരിച്ചു വിടും.

കോഴിക്കോട്ട് നിന്ന് കൽപ്പറ്റ ഭാഗത്തേക്ക് പോകുന്ന വലിയ വാഹനങ്ങൾ താമരശ്ശേരി ചുങ്കത്തുനിന്ന് തിരിഞ്ഞ് ബാലുശ്ശേരി-കുറ്റ്യാടി വഴി പോകണം. കൽപ്പറ്റയിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ വൈത്തിരി ടൗണിൽനിന്ന് തിരിഞ്ഞ് പടിഞ്ഞാറത്തറ-തരുവണ-കുറ്റ്യാടി വഴിയും പോകേണ്ടതാണ്.

ചുരത്തിലൂടെ പോകുന്ന മറ്റു വാഹനങ്ങൾ വേഗം കുറച്ചും സുരക്ഷിതമായും അതാത് സമയത്തെ നിർദേശങ്ങൾക്കനുസരിച്ച് പോകണമെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

ഇന്നലെ മാസപ്പിറവി ദൃശ്യമാവാത്തതിനാൽ ഇന്ന് ദുൽഖഅദ് 30 പൂർത്തീകരിച്ച് നാളെ ദുൽഹജ്ജ് ഒന്നും, മെയ് 28 വ്യാഴാഴ്ച ബലിപെരുന്നാളുമായിരിക്കുമെന്ന് പാളയം ഇമാം ഡോ.V.P സുഹൈബ് മൗലവിയും, ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവിയും അറിയിച്ചു.

കോഴിക്കോട്ട് സംയുക്ത മഹല്ല് ജമാഅത്ത് ഖാസി കാന്തപുരം AP അബൂബക്കർ മുസലിയാരും ദുൽഹജ്ജ് ഒന്ന് നാളെയായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, രാജസ്ഥാൻ റോയൽസിനെ ഡൽഹിയിൽ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു. ധർമ്മശാലയിലെ ആദ്യമത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, പഞ്ചാബ് കിംഗ്സിനെ 23 റൺസിന് പരാജയപ്പെടുത്തി. ഇതോടെ പ്ലേ ഓഫിൽ കടക്കുന്ന ആദ്യ ടീമായി റോയൽ ചലഞ്ചേഴ്സ് മാറി.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

കോഴിക്കോട് കൂമ്പാറയിൽ ഇന്നലെ വൈകീട്ട് ശക്തമായ മിന്നലിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നയാൾ മരിച്ചു . കൂമ്പാറയിലെ ജെയ്സൺ എന്നയാളാണ് മരിച്ചത് . പുതുപ്പാടി, കട്ടിപ്പാറ, ഓമശേരി, കൂടരഞ്ഞി പഞ്ചായത്തുകളിൽ അഞ്ച് സ്ത്രീകൾക്ക് മിന്നലേറ്റു. ഇവർ ആശുപത്രികളിൽ ചികിത്സയിലാണ്.

✪✪✪

കോഴിക്കോട്ട് പർദ്ദ വ്യാപാര രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഹൂർലിൻ പർദ്ദ ഉടമ റസൂൽ ഗഫൂർ നിര്യാതനായി. 63 വയസ്സായിരുന്നു. ഖബറക്കം രാവിലെ മാത്തോട്ടം പള്ളി ഖബർസ്ഥാനിൽ നടത്തും.

✪✪✪

തോട്ടി ഉപയോഗിച്ച് മാങ്ങ പറിക്കുന്നതിനിടെ 11 KV ലൈനിൽ നിന്ന് ഷോക്കേറ്റ് കോഴിക്കോട് കൂരാച്ചുണ്ടിൽ ഒരാൾ മരിച്ചു. പിണക്കാട്ട് വീട്ടിൽ ബിജോ ജോർജ് എന്ന 50 കാരനാണ് ഇന്നലെ വൈകീട്ട് മരിച്ചത്.

✪✪✪

വയനാട് മുത്തങ്ങയിൽ MDMA യുമായി മൂന്ന് യുവാക്കൾ പിടിയിലായി. കർണാടകയിൽ നിന്ന് KSRTC ബസിൽ കടത്തുകയായിരുന്ന 36 ഗ്രാമോളം മയക്കുമരുന്നാണ് പിടികൂടിയത്. മീനങ്ങാടി സ്വദേശികളായ വൈഷ്ണവ്, മുഹമ്മദ് ആഷിഖ്, ആദിൽ റമീസ് എന്നിവരെയാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും, ബത്തേരി പോലീസും ചേർന്ന് കസ്റ്റഡിയിലെടുത്തത്.

✪✪✪

തമിഴ്നാട്ടിൽ ഭരണം പിടിച്ച തമിഴക വെട്രി കഴകം കേരളത്തിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ നീക്കമാരംഭിച്ചു. വയനാടിനും, പാലക്കാടിനും പിന്നാലെ തൃശ്ശൂരിലും TVK ജില്ലാ ഘടകം രൂപീകരിച്ചു. മറ്റു ജില്ലകളിലും വൈകാതെ കമ്മിറ്റികൾ രൂപീകരിക്കുമെന്ന് വിജയ് ഫാൻസ് അസോസിയേഷൻ അറിയിച്ചു. ചെന്നൈ കേന്ദ്രീകരിച്ചാണ് കേരളത്തിലെ TVK യുടെ പ്രവർത്തനം.

✪✪✪

കണ്ണൂർ നഗരത്തിലെ താളിക്കാവിനടുത്ത് ഇന്നലെ വൈകിട്ട് അഞ്ചു പേർക്ക് തെരുവ് നായയുടെ കടിയേറ്റു. വീട്ടുമുറ്റത്ത് കളിക്കുകയായിരുന്ന അഞ്ചുവയസ്സുകാരിയും ഇതിൽ ഉൾപ്പെടുന്നു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൽ കബീർ, സബിത ആനന്ദ്*
*DEO : ഷീബ*